DESPATCHED On. 26/2/2020

13.2.20



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2474*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 17919/*എസ്.ഐ.സി-ജി 6/2019*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.ജി.മോഹനൻ,**
**വള്ളിവാർത്തലയ്ക്കൽ പുത്തൻ വീട്,**
**അരുവാട്ടുകോണം, മണ്ണാംകോണം പി.ഒ,**
**തിരുവനന്തപുരം – 695 125.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **വെള്ളറട ഗ്രാമപഞ്ചായത്ത് കാര്യാലയം,**
   **പനച്ചമൂട് പി.ഒ, തിരുവനന്തപുരം – 695 505.**

2. **അപ്പീൽ അധികാരി,**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്,**
   **സിവിൽ സ്റ്റേഷൻ, നാലാംനില,**
   **കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.07.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 02.08.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 30.08.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 05.11.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 06.02.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ജ.മോഹനൻ 05.11.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 04.07.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, വെള്ളറട പഞ്ചായത്തിലെ പാട്ടം തലയ്ക്കൽ വാർഡിൽ (XXII) ഭവന നിർമ്മാണം, വീട് മെയിന്റനൻസ്, കക്കൂസ്, കിണർ എന്നിവ ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ്, ആകെ ചിലവാക്കിയ തുക, ഫൈനൽ ഗുണഭോക്താക്കളുടെ പേരും അഡ്രസ്സും തുടങ്ങി 2005 മുതൽ 2019 വരെയുള്ള കാലയളവിലെ വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 04.01.2020 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 04.07.2019 ന് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് അപ്പീൽ സമർപ്പിക്കുകയും ടി അപ്പീൽ 30.08.2019 ൽ തീർപ്പാക്കുകയും ചെയ്തു. ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്കായി ഓഫീസ് പ്രവൃത്തി സമയം ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ച് പകർപ്പുകൾ ആവശ്യമെങ്കിൽ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്ന് ടിയാനെ അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെയായി ടിയാൻ പഞ്ചായത്തിൽ ഹാജരായിട്ടില്ലായെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 06.02.2020 തീയതി കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച 01.02.2020 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കുന്നതിനായി ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിക്കാൻ അവസരം നൽകിയെങ്കിലും ടിയാൻ ഹാജരാകാതെ അപ്പീൽ സമർപ്പിച്ചുവെന്നും ടി

അപ്പീൽ പരിഗണിച്ച് ഒരിക്കൽ കൂടി ഫയലുകൾ പരിശോധിക്കാൻ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അവസരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ഓഫീസിൽ എത്തിച്ചേരുകയും രേഖകൾ പരിശോധിച്ച് പഞ്ചായത്തിൽ സൂക്ഷിച്ചു പോരുന്ന രജിസ്റ്ററിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ആവശ്യമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 119 പേജിന് 238/ രൂപ ഒടുക്കാൻ നിർദ്ദേശിക്കുകയും ടി ഫീസ് ഒടുക്കിയ സാഹചര്യത്തിൽ പകർപ്പുകൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധപ്പിച്ചു. എതിർകക്ഷി നിർദ്ദേശിച്ച ഫീസ് ഒടുക്കി രേഖകൾ കൈപ്പറ്റിയെങ്കിലും ആവശ്യപ്പെട്ടിരുന്ന രേഖകൾ ലഭ്യമായില്ലായെന്ന് അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകി. ടി സാഹചര്യത്തിൽ വിവരാവകാശ നിയമം വകുപ്പ് 7(9) പ്രകാരം അപ്പീൽ ഹർജിക്കാരന് ഒരിക്കൽ കൂടി ഓഫീസിൽ ഹാജരായി നേരിട്ട് ഫയൽ പരിശോധിക്കാൻ അവസരം നൽകേണ്ടതും ടിയാൻ ആവശ്യപ്പെട്ട രേഖകളിൽ നൽകാൻ കഴിയുന്ന എല്ലാ രേഖകളും നിയമാനുസൃതമായ ഫീസ് ഒടുക്കുമ്പോൾ നൽകേണ്ടതാണെന്നും കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN